## ശ്രീമദ്ഭാഗവതം നിത്യപാരായണം 165–ാം ദിവസം

### നാഹം നിന്ദേ നച സ്തൌമി സ്വഭാവവിഷമം ജനം
### ഏതേഷാം ശ്രേയ ആശാസേ ഉതൈകാത്മ്യം മഹാത്മനി (7–13–42)

*നാരദമുനി തുടർന്നു:*
സാധിക്കുമെങ്കിൽ വാനപ്രസ്ഥൻ അടുത്തപടിയായി ഭിക്ഷാംദേഹിയായി അലയുകയാണ് ഉത്തമം. ഒരു കൗപീനമൊഴികെ മറ്റൊരു വസ്ത്രവുമില്ലാതെ, യാതൊരു സമ്പത്തുമില്ലാതെ ലോകം മുഴുവൻ ചുറ്റിത്തിരിയണം. എന്നാൽ ഒരിടത്തും ഒരു രാത്രിയിൽ കൂടുതൽ ചിലവഴിക്കുകയുമരുത്. ഭിക്ഷ യാചിച്ചു കൊണ്ട്, കിട്ടുന്നതുകൊണ്ടു ജീവിച്ച്, സ്വന്തമായി താമസ സ്ഥലമില്ലാതെ, സർവ്വരോടും സൗഹൃദ ഭാവത്തോടെ അയാൾ കഴിയണം. അയാളുടെ ഹൃദയം ഭഗവൽസ്മരണയാൽ സർവ്വദാ ആഹ്ലാദപൂർണ്ണമായും ആന്തരദർശനത്തിൽ സർവ്വചരാചരങ്ങളും ഒന്നെന്ന അറിവുനിറഞ്ഞും അയാൾ ജീവിക്കുന്നു. സുഷുപ്തിയുടേയും ജാഗ്രതാവസ്ഥയുടേയും ഇടക്ക് ആത്മാവിൻെറ സത്യസ്വഭാവം അയാൾ കണ്ടെത്തണം. അനിവാര്യമായ മരണത്തെ പ്രതീക്ഷിച്ചുകഴിയുകയോ ക്ഷണഭംഗുരമായ ജീവിതം നീട്ടിക്കിട്ടുവാൻ ആഗ്രഹിക്കുകയോ ചെയ്യാതെ അയാൾ തൻെറ കാലം കഴിക്കണം. എല്ലാ ജീവസന്ധാരണ ജോലികളും ഉപേക്ഷിച്ച്, ശിഷ്യപരമ്പരകളെയൊന്നും തൻെറ കൂടെ ചേർക്കാതെ, ഐഹികമായ കർമ്മങ്ങളൊന്നും ചെയ്യാതെയാണ് അയാൾ ജീവിക്കേണ്ടത്. എല്ലാവിധ വഴക്കുകളിൽ നിന്നും അഭിപ്രായഭിന്നതകളിൽ നിന്നും വിട്ടുനിന്ന് ഒരിടത്തും പക്ഷം ചേരാതെയിരിക്കുകയും വെറും പ്രഭാഷണങ്ങളിൽ ഏർപ്പെടാതെയിരിക്കുകയും വേണം. അയാൾ യാതൊരുവിധ ജോലികളും തുടങ്ങി വയ്ക്കേണ്ടതില്ല. സഞ്ചാരിയായ സന്യാസിക്ക് ധർമ്മ പരിപാലനമോ മറിച്ചോ തൻെറ കടമയായിട്ടില്ല തന്നെ. അയാൾ തൻെറ കുലമോ മഹിമയോ ആത്മീയതയേയോ കുറിക്കുന്ന അടയാളങ്ങൾ ധരിക്കാനും ബാദ്ധ്യസ്ഥനല്ല. ഭ്രാന്തനേപ്പോലെയോ ലക്ഷ്യമേതുമില്ലാത്ത കുട്ടികളെപ്പോലെയോ അയാൾ അലയുന്നു. പ്രഹ്ലാദനും, ദിവ്യനായ ഒരു ബ്രാഹ്മണനും തമ്മിലുണ്ടായ സംഭാഷണം കേട്ടാലും.

ഒരിക്കൽ പ്രഹ്ലാദൻ മഹാത്മാക്കളുമായി സത്സംഗമുണ്ടാവാൻ തീർത്ഥയാത്ര പുറപ്പെട്ടു. വഴിയിൽ ഒരു ബ്രാഹ്മണൻ പൊടി മൂടി മണ്ണിൽ കിടക്കുന്നു. അദ്ദേഹത്തിൻെറ മഹിമ തിരിച്ചറിഞ്ഞ പ്രഹ്ലാദൻ ചോദിച്ചു. – മഹാത്മാവേ, അങ്ങയുടെ ശരീരം സുദൃഢവും കരുത്തേറിയതുമാണ്. കണ്ടാൽ സമ്പന്ന കുടുംബാംഗവുമാണ്. പക്ഷെ പുറത്തു നോക്കിയാൽ സഞ്ചാരിയായ ഒരു സന്യാസിയാണങ്ങ്. ആരോഗ്യവാന്മാരായിട്ടുള്ളവർ ലോകത്ത് പലേ വിധ ജോലികളിലേർപ്പെട്ടു കഴിയുന്നു. എന്നാൽ അങ്ങെന്താണിവിടെ അലസനായി കിടക്കുന്നത്?

*ബ്രാഹ്മണൻ പറഞ്ഞു:*
അനേക ജന്മങ്ങൾ പലേവിധ ജന്തുക്കളായി ജനിച്ചും മരിച്ചും ഭാഗ്യവശാൽ കിട്ടിയതാണീ മനുഷ്യ ജന്മം. ഈ ജന്മത്തിൽ ആത്മസാക്ഷാത്ക്കാരം സാദ്ധ്യവുമാണ്. ഇന്ദ്രിയങ്ങൾക്കടിമപ്പെട്ട്, സമ്പത്തുകൾ വാരിക്കൂട്ടിയ ഗൃഹസ്ഥരുടെ ദുരിതം നിറഞ്ഞ ജീവിതം ഞാൻ കണ്ടിരിക്കുന്നു. അവർ തീർച്ചയായും സുഖകാംക്ഷികളാണ് – തെറ്റായ മാർഗ്ഗത്തിലാണെന്നു മാത്രം. ആനന്ദം ആത്മാവിലാണ്. ആളുകൾ തിരയുന്ന വസ്തുക്കളിലല്ല. മരീചികയിൽനിന്നു ദാഹജലം തിരയുന്ന മനുഷ്യൻ അടുത്തുള്ള താമരപ്പൊയ്കയെ അവഗണിക്കുന്നു. സമ്പത്ത് ഭയമുണ്ടാക്കുന്നു. തേനീച്ച സമാഹരിച്ചുവയ്ക്കുന്ന തേനെടുക്കാനായി മറ്റുള്ളവർ അതിനെ കൊല്ലുന്നു. എന്നാൽ ഒരു പെരുമ്പാമ്പ് ഭയരഹിതനാണ്. കിട്ടുന്നതെന്തും ഭക്ഷിക്കുന്ന അല്ലലില്ലാത്ത ജീവതമാണ് അതു നയിക്കുന്നത്. അതുകൊണ്ട് ഞാൻ പെരുമ്പാമ്പിൻെറ ജീവിതമാണു സ്വീകരിച്ചിരിക്കുന്നത്. – ഞാൻ ഐഹീക ജീവിതം നയിക്കുന്നവരെ അനുമോദിക്കുകയോ അപലപിക്കുകയോ ചെയ്യുന്നില്ല. എന്നാൽ അവരും ഭഗവൽമാർഗ്ഗത്തിൽ ഒന്നായിത്തീരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ആത്മാവിലേക്ക് മുഖം തിരിച്ചു നോക്കിയാൽ നാനാത്വഭാവം അതിൻെറ സൃഷ്ടാവായ മനസ്സിൽ അലിഞ്ഞുപോവുന്നതു കാണാം. ഉണ്മ സ്വയം പ്രഭമത്രേ. ഇതുകേട്ട് പ്രഹ്ലാദൻ പ്രബുദ്ധനായി.